**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2701** **28-02-2023 - ൽ മറുപടിയ്ക്ക്**

**സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന് പുറത്ത് അഡ്മിഷൻ നേടുന്ന മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അവരുടെ പ്രവേശന രീതി പരിഗണിക്കാതെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാതലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെരിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും, സുതാര്യവും നീതിയുക്തവുമായ രീതിയിൽ മെരിറ്റ്/ റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവരുമായ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇതര സംസ്ഥാന പഠനത്തിന് സ്കോളർഷിപ്പിന് അർഹതയുണ്ട്. |
| (ബി) | 2018-19 അധ്യായന വർഷം പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നിഷേധിക്കുന്നു എന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് കോടതി വിധി നിലവിലുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | 2018-19, 2019-20 വർഷത്തിൽ പ്രവേശനം നേടിയ എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും പ്രവേശന രീതി കണക്കാക്കാതെ ഒരു പ്രത്യേക കേസായി പരിഗണിച്ച് അവരുടെ പഠനകാലാവധി തീരുന്നതു വരെ മാത്രം സ്കോളർഷിപ്പ് ആനുകൂല്യം അനുവദിക്കുന്നതിന് സ.ഉ. (എം.എസ്) നം.16/2021/ പജപവവിവ തീയതി 05/02/2021 ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച WP(C) No.20340/2020 നമ്പർ കേസ് തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | കോവിഡ് കാലഘട്ടത്തിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അവരുടേതല്ലാത്ത കാരണത്താൽ കോഴ്സ് നീണ്ടുപോയതിന്റെ അടിസ്ഥാനത്തിൽ നീണ്ടുപോയ കാലഘട്ടത്തിലെ ഫീസ് അടയ്ക്കുവാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സാഹചര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ